# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1377 — 15.6.2012-ൽ മറുപടിയ്ക്ക്

### കിസാൻ അഭിമാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കിസാൻ അഭിമാൻ പദ്ധതിക്ക് കീഴിൽ എത്ര നെൽ കർഷകർക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നുണ്ട്; | (എ) കിസാൻ അഭിമാൻ പദ്ധതി പ്രകാരം 13713 നെൽകർഷകർക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നുണ്ട്. |
| (ബി) കർഷക പെൻഷൻ ലഭിക്കുന്നതിന് എന്തെങ്കിലും പൊതു മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) **കിസാൻ അഭിമാൻ പദ്ധതി മാനദണ്ഡങ്ങൾ.**<br>1) പത്ത് വർഷം കാർഷിക വൃത്തിയിൽ തുടരുകയും നിലവിൽ കൃഷി മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള കർഷകനായിരിക്കണം. ആദ്യഘട്ടങ്ങളിൽ നെൽകർഷകർക്ക് മാത്രമായി അംഗത്വം പരിമിതപ്പെടുത്തിയിരുന്നു.<br>2)മറ്റ് ക്ഷേമ പദ്ധതി, പെൻഷൻ തുടങ്ങിവയുടെ പ്രയോജനം ലഭിക്കാത്ത വരും കൃഷിയിൽ നിന്നുള്ള വരുമാനത്തെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന ഒരു ഹെക്ടറിൽ കവിയാത്ത കൃഷി ഭൂമിയുള്ളവരും, ഏറ്റവും കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് നെൽകൃഷി ചെയ്യുന്നവരും 1.4.2009-ൽ 60 വയസ്സ് |

| | | | |
|---|---|---|---|
| | | | പൂർത്തിയായവരും ആയിരിക്കണം.<br>3) ഒരു കുടുംബത്തിൽ ഒരാൾക്ക് മാത്രമേ ഈ പദ്ധതിയിൽ അംഗത്വം നൽകകയുള്ളു.<br>4)കൃഷി സ്ഥലം ഏത് പഞ്ചായത്തിലാണോ ആ പഞ്ചായത്തിലെ കൃഷിഭവനിൽ അംഗത്വം രജിസ്റ്റർ ചെയ്യേണ്ടതാണ്.<br>5)കർഷകർ/കർഷകരുടെ കുടുംബങ്ങൾക്ക്(ഭർത്താവ്/ഭാര്യ/മക്കൾ) വിവിധ സ്രോതസ്സുകളിൽ നിന്നും സ്ഥിര വരുമാനം ലഭിക്കുന്നു എങ്കിൽ ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.<br>6)പാവപ്പെട്ടവർക്ക് മുൻഗണന നല്കിക്കൊണ്ടായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.<br>**ചെറുകിട പെൻഷൻ മാനദണ്ഡങ്ങൾ**<br>രണ്ട് ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരെയായിരിക്കും ചെറുകിട നാമമാത്ര കർഷകരായി കണക്കാക്കുന്നത്. |
| (സി) | എല്ലാ കർഷകർക്കും പെൻഷൻ എന്നു മുതൽ നൽകി തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാ ക്കാമോ? | (സി) | ചെറുകിട നാമമാത്ര കർഷക പെൻഷനുള്ള അപേക്ഷകൾ കൃഷി ഭവൻ തലത്തിൽ ഇപ്പോൾ സ്വീകരിച്ചു വരുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയിതി 2012 ജൂൺ 15 വരെയാണ്. ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് ജില്ലകളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

Sd/-

**സെക്ഷൻ ഓഫീസർ**